പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 4536 25.10.2016 -ൽ മറുപടിയ്ക്ക്

## വിനോദ സഞ്ചാര മേഖലയുടെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ.നാണു<br>ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ : | | ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
| എ) | സംസ്ഥാനത്തെ ഫൈവ് സ്റ്റാർ ഹോട്ടലുകളിൽ മാത്രം മദ്യം വില്ക്കാൻ നിർദ്ദേശം നൽകിയത് സംസ്ഥാനത്തിന്റെ വിനോദ സഞ്ചാര മേഖലയെ എങ്ങനെയൊക്കെ ബാധിക്കുമെന്ന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | സംസ്ഥാനത്തെ ഫൈവ് സ്റ്റാർ ഹോട്ടലുകളിൽ മാത്രം മദ്യം വില്ക്കാൻ നിർദ്ദേശം നൽകിയത് സംസ്ഥാനത്തിന്റെ വിനോദ സഞ്ചാര മേഖലയെ എങ്ങനെയൊക്കെ ബാധിക്കുമെന്ന് പ്രത്യേകമായി ഒരു പഠനം വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ നിലവിലെ ടൂറിസം മേഖലയിലെ വളർച്ചാനിരക്കിലെ കുറവ് മനസ്സിലാക്കുന്നതിനായി 'Trade Research Survey 2016' എന്ന പഠനം വകുപ്പ് നടത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ടിൽ സംസ്ഥാനത്തെ ടൂറിസം വളർച്ചാനിരക്കിലുണ്ടായ കുറവിന് ഒരു കാരണം നിലവിലെ മദ്യനയം ആണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. |
| ബി) | സംസ്ഥാനത്തെ പൊതുമേഖല-സ്വകാര്യമേഖലയിലെ ഹോട്ടൽ വ്യവസായത്തെ ഇത് ഏതൊക്കെ രീതിയിൽ ബാധിച്ചുവെന്ന് വ്യക്തമാക്കുമോ; | ബി) | വകുപ്പ് നടത്തിയ 'Trade Research Survey 2016' എന്ന പഠനമനുസരിച്ച് സംസ്ഥാനത്തെ ഹോട്ടലുകളിലെ MICE (മീറ്റിംഗുകൾ, ഇൻസെന്റീവുകൾ, കോൺഫറൻസുകൾ, എക്സിബിഷനുകൾ) വ്യവസായം ക്ഷയിക്കുകയും ഈ ബിസിനസ് അയൽ സംസ്ഥാനങ്ങളിലേയ്ക്കും, ശ്രീലങ്ക തുടങ്ങിയ അയൽ രാജ്യങ്ങളിലേയ്ക്കും പോവുകയും ചെയ്തു. MICE വ്യവസായത്തിന്റെ വളർച്ചാനിരക്ക് 9.1 %-ൽ നിന്നും 2015-ൽ 0.6% എന്ന അവസ്ഥയിലേക്ക് എത്തുകയുമുണ്ടായി. |

| | | | |
|---|---|---|---|
| സി) | വിനോദ സഞ്ചാര മേഖലയെ മെച്ചപ്പെടുത്തുന്നതിന് രൂപീകരിക്കപ്പെട്ട ജില്ലാതല ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | വിനോദ സഞ്ചാര വകുപ്പ്, ടൂറിസം പ്രമോഷൻ കൗൺസിലുകൾ ഇവ തമ്മിൽ ഏതു തരത്തിലുള്ള ബന്ധമാണ് നിലനിൽക്കുന്നത് എന്ന് വ്യക്തമാക്കുമോ; | ഡി) | ടൂറിസം വകുപ്പിന്റെ കീഴിൽ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി ആന്റ് സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് 1955 അനുസരിച്ച് പ്രവർത്തിക്കുന്ന സൊസൈറ്റിയാണ് ഡി.റ്റി.പി.സി. ടൂറിസം വകുപ്പിന്റെ നിർദ്ദേശത്തിനു വിധേയമായി പ്രാദേശിക ടൂറിസം വികസനത്തിനും വിപണനത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുകയും അവ നടപ്പാക്കുകയും ചെയ്യുന്നത് ഡി.റ്റി.പി.സികളാണ്. |
| ഇ) | സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയിൽ എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | ഇ) | ടൂറിസം വകുപ്പിന്റെ കീഴിൽ സഹകരണ സംഘങ്ങളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. സഹകരണ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളെ കുറിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| എഫ്) | അത്തരം സഹകരണ സംഘങ്ങൾക്ക് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ; | എഫ്) | ടൂറിസം വകുപ്പ് പ്രത്യേക സഹായങ്ങളൊന്നും നൽകുന്നില്ല. |
| ജി) | മലബാർ മേഖലയുടെ വിനോദ സഞ്ചാര രംഗം വളരെ ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ? | ജി) | മലബാർ മേഖലയുടെ ടൂറിസം വികസനത്തിൽ വകുപ്പ് കൂടുതൽ ശ്രദ്ധ നൽകുന്നതാണ്. മലബാർ മേഖലയിലെ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും ടൂറിസം രംഗത്ത് നിക്ഷേപം ആകർഷിക്കുന്നതിനും പ്രത്യേക വിപണന പ്രചരണ പരിപാടികൾ ആവിഷ്കരിക്കുന്നതിനും ഈ രംഗത്ത് മാനവവിഭവശേഷി വികസിപ്പിക്കുന്നതിനും നടപടികൾ എടുത്ത് വരുന്നുണ്ട്. മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായ ബേക്കലിൽ എയർസ്ട്രിപ്പ് നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ബേക്കലിൽ |

(..3)

| | | | |
|---|---|---|---|
| | | | ലൈറ്റ് & സൗണ്ട് ഷോ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ച്, ധർമ്മടം എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതും. കോഴിക്കോട്, കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി വികസിപ്പിക്കുന്നതും പരിഗണിക്കുന്നതാണ്.<br>കോഴിക്കോട് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഉദുമ, കണ്ണൂർ, കോഴിക്കോട്, തിരൂർ, പെരുന്തൽമണ്ണ, തൃശ്ശൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങൾ ടൂറിസം രംഗത്തെ മാനവവിഭവശേഷി വികസനത്തിനായി പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ